# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1642 — 5/12/2014 ൽ മറുപടിയ്ക്ക്

## കേരഫെഡിനെ സംബന്ധിച്ച റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ നെല്ലിക്കുന്ന് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കേര ഫെഡിനെ സംബന്ധിച്ച് കോ-ഓപ്പറേറ്റീവ് ആഡിറ്റ് വിഭാഗം ഏറ്റവും ഒടുവിൽ തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച വിശദ വിവരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധമായ വിവരം വെളിപ്പെടുത്തുമോ; | (ബി) താഴെ പറയുന്ന വിഷയങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേരഫെഡിന്റെ 2013-14 വർഷത്തെ ആഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.<br><u>1. പച്ച തേങ്ങ സംഭരണം</u><br>2012-13 വർഷത്തിൽ മാത്രം നടപ്പിലാക്കുവാൻ അംഗീകരിച്ച പദ്ധതി പ്രകാരമുള്ള സംഭരണം സർക്കാരിന്റെ തുടർ അനുവാദമില്ലാതെ ഇപ്പോഴും തുടരുന്നു. സർക്കാർ നിശ്ചയിച്ച 14 രൂപയിൽ കൂടുതൽ വിലയ്ക്ക് സംഭരണം നടത്തി. കൊപ്രയാക്കുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളിൽ നിന്നും ലഭിക്കുന്ന കൊപ്രയുടെ ഗുണനിലവാരം മോശമായതും റിക്കവറി ശതമാനം സംബന്ധിച്ച റെക്കാർഡുകൾ ലഭ്യമല്ലാത്തതും.<br><u>2.കൊപ്ര സ്റ്റോക്കിൽ കുറവ്</u><br>1,75,54,215 രൂപയുടെ 1887.55 ക്വിന്റൽ കൊപ്ര സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.<br><u>3. പച്ചതേങ്ങ സംഭരണവുമായി ബന്ധപ്പെട്ട സ്വകാര്യ സ്ഥാപനങ്ങളിൽ ഡ്രയറുകൾ</u> |

സ്ഥാപിച്ചത്.
സ്ഥാപനവുമായി ഒപ്പു വച്ചിട്ടുള്ള എഗ്രിമെന്റ് / കരാർ, ടെൻഡർ രജിസ്റ്റർ, ടെൻഡർ പരിശോധനാസമിതിയുടെ വിലയിരുത്തൽ / ശുപാർശ ഭരണസമിതി അംഗീകാരം, ഡ്രയർ പൂർത്തീകരണ സർട്ടിഫിക്കറ്റ് ജില്ലാ മാനേജർ നല്കിയ രേഖകൾ, ഓരോ ഡ്രയറിലും സംസ്കരിച്ച പച്ച തേങ്ങ, ലഭിച്ച കൊപ്ര, റിക്കവറി, ഗുണനിലവാരം, അനുവാദമില്ലാതെ 3 ഡ്രയറുകൾക്കു ഓരോന്നിനും 21 ലക്ഷം രൂപയ്ക്ക് പകരം 21,50,000 രൂപ നല്കിയത് സംബന്ധിച്ചും, ടെൻഡറിനു അധികരിച്ച് ഡ്രയറുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തിയതും ഷെഡ് നിർമ്മാണം സംബന്ധിച്ചും.

4. കരുനാഗപള്ളി, നടുവണ്ണൂർ എന്നിവിടങ്ങളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിച്ചതിലെ ക്രമക്കേടുകൾ ,EMD അടച്ച തുക തിരികെ നല്കാത്തതും ഓരോ വിഷയത്തിൻമേലും വ്യക്തമായ തീരുമാനം, അതിന്റെ പുരോഗതി അവലോകനം, ഓരോ മാസത്തേയും വരവു ചെലവു കണക്കുകൾ എന്നിവ ഭരണസമിതി തീരുമാനം എടുക്കാത്തതും അംഗീകാരം എടുക്കാത്തതും സംബന്ധിച്ചും.

| | |
|---|---|
| (സി) താല്ക്കാലിക ജീവനക്കാരുടെ നിയമനത്തിന് കാലാവധി നിശ്ചയിച്ച് കൃഷി വകുപ്പ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ ആ കാലവധിക്കു ശേഷവും നാളികേര സംഭരണമില്ലാതിരുന്ന കാലയളവിലും അവരുടെ സേവനം തുടർന്നിരുന്നോ; | സി) 10.12.2012 ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പച്ചത്തേങ്ങ സംഭരണ പദ്ധതിയുടെ മാർഗ്ഗരേഖ ചർച്ച ചെയ്ത യോഗ തീരുമാന പ്രകാരമാണ് പദ്ധതി നടത്തിപ്പിനുള്ള സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നത്. പ്രസ്തുത സർക്കുലറിൽ താല്ക്കാലിക ജീവനക്കാരുടെ നിയമനത്തിന് 6 മാസത്തെ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. 23.10.2014 ലെ സ.ഉ(ആർ.റ്റി)നം.1916/14/കൃഷി പ്രകാരം പച്ചത്തേങ്ങ സംഭരിക്കുന്നതിനായി കേരഫെഡ് നിയമിച്ച അക്കൗണ്ടന്റ്മാരുടെയും, തൊഴിലാളികളുടെയും സേവനം ഉപയോഗിച്ച് കേരഫെഡിന്റെ കേര പ്രോഡക്ട്സ് കൃഷി ഭവനിലൂടെ വിതരണം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നാളികേര സംഭരണ വിലയിലുണ്ടായ വർദ്ധനയ്ക്ക് സർക്കാരിൽ നിന്നും അനുമതി നൽകിയിരുന്നോ: | ഡി) | 30.10.2013 ലെ സ.ഉ(എം.എസ്)നം.318/13/കൃഷി പ്രകാരം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയോടെ കിലോഗ്രാമിന് 20 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കാൻ കേരഫെഡിന് അനുമതി നൽകി ഉത്തരവായിരുന്നു. |
| (ഇ) | ഇക്കാര്യങ്ങളിലെല്ലാം വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ? | ഇ) | അന്വേഷിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ